"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 - പോലീസ് സ്റ്റേഷനുകൾക്കായി 9 8 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.241/2022/HOME തീയതി,തിരുവനന്തപുരം, 24-11-2022

---

പരാമർശം:- 1) സ.ഉ.(സാധാ) നം. 1796/2022/ആഭ്യന്തരം തീയതി 29.06.2022.

2) സംസ്ഥാന പോലീസ് മേധാവിയുടെ 30.07.2022 തീയതിയിലെ എച്ച്3-61050/2022/പി.എച്ച്.ക്യു നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 ൽ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വാഹനങ്ങൾ 780.409 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങുന്നതിന് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഇതിൻ പ്രകാരം GeM പോർട്ടൽ വഴി ബിഡ്ഡിംഗ് നടത്തുകയും M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 98 മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ 8,26,74,270/- രൂപയ്ക്ക് വാങ്ങാൻ ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയും ഫിനാൻഷ്യൽ ബിഡ് ഓപ്പണിംഗ് കമ്മിറ്റിയും ശുപാർശ ചെയ്തുവെന്നും, എന്നാൽ ഇതിനായി അനുവദിച്ച ആകെ തുക 780.409 ലക്ഷം രൂപയാണെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. വാഹനങ്ങൾ വാങ്ങുന്നതിന് ചെലവാകുന്ന അധികതുക മൊബിലിറ്റി സ്കീമിലനുവദിച്ച മറ്റു വാഹനങ്ങളുടെ പർച്ചേസിലെ സേവിംഗ്സ് കൂടെ ഉപയോഗിച്ച് വാങ്ങാവുന്നതാണെന്നും ആയതിനാൽ, 2022-23 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിന് കീഴിൽ 98 മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ 8,26,74,270/- രൂപ 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 ലെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നതിനാലും തുക അധികരിച്ചതിനാലും പോലീസ് സ്റ്റേഷനുകൾക്കായി M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ആകെ 8,26,74,270/- രൂപ (എട്ടു കോടി ഇരുപത്തിയാറു ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ മാത്രം) 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് 98 മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ, അതേ വിഭാഗത്തിലുള്ള വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് ആനുപാതികമായി വാങ്ങണമെന്നും, 2022-23 പ്ലാൻ സ്കീമിലെ മൊബിലിറ്റി

പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ബജറ്റിൽ നിന്നും സേവിംഗ്സ് കണ്ടെത്തി അധികമായി വരുന്ന ചെലവ് വഹിക്കണം എന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി വാങ്ങുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (12.10.2022 ലെ വ്യയം-എ3/395/2022-ധന (2176607) പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ്. (23.11.2022 ലെ ഇനം നമ്പർ 1195)
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sreekumar R
Date: 25-11-2022 11:42:10
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-11-2022

ഫയൽ നം. ഇ3/215/2022/ആഭ്യന്തരം. ഇനം നം: 1195

വിഷയം : ആഭ്യന്തര വകുപ്പ് - സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 - പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

23/11

23/11
5.30 pm

1195

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 3/215/2022/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : | സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 - പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.11.2022 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | മേരി ലാലി സി.വൈ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.11.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.11.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.11.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭ്യർത്ഥനയുമായി ബന്ധപ്പെട്ട വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2) സംസ്ഥാന പദ്ധതി 2022-23 ൽ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വാഹനങ്ങൾ 780.409 ലക്ഷം രൂപ (@ Rs.7,96,336/-) ചെലവഴിച്ച് വാങ്ങുന്നതിന് 29.06.2022-ലെ G.O.(Rt) നമ്പർ 1796/2022/Home പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

3) അതനുസരിച്ച് GeM പോർട്ടൽ വഴി ബിഡ്ഡിംഗ് നടത്തി, ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയും ഫിനാൻഷ്യൽ ബിഡ് ഓപ്പണിംഗ് കമ്മിറ്റിയും M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 98 മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ 8,26,74,270/- രൂപയ്ക്ക് വാങ്ങാൻ ശുപാർശ ചെയ്തു. എന്നാൽ ഇതിനായി അനുവദിച്ച തുക 780.409 ലക്ഷം രൂപയാണ്. എന്നിരിക്കിലും 2022-23 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിന് കീഴിൽ 98 മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ 8,26,74,270/- രൂപ 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ചെലവഴിക്കേണ്ട അധിക തുക മൊബിലിറ്റി സ്കീമിൽ അനുവദിച്ചിട്ടുള്ള മറ്റു വാഹനങ്ങളുടെ പർച്ചേസിൽ നിന്നും കണ്ടെത്തുന്ന സേവിംഗ്സിലുൾപ്പെടുത്താമെന്നും അറിയിച്ചിട്ടുണ്ട്.

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നൽകിയപ്പോൾ, ചുവടെപ്പറയുന്ന പ്രകാരം മറുപടി നൽകി.

"Finance agrees to purchase 92 vehicles limiting the total amount within the AS amount, on condition that purchase may be allowed only against the condemnation of same class of vehicle and Cabinet nod may be insisted for purchase of vehicles in view of standing orders banning the purchase of vehicles in G.O.(P) No.130/2021/Fin dated 09.11.2021."

This has the approval of the Hon'ble Minister (Finance)."

5) ധനവകുപ്പ് പരാമർശിച്ച 09.11.2021 ലെ G.O.(P)No.130/2021/Fin- ഉത്തരവ് പ്രകാരം കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വ്യയ നിയന്ത്രണത്തിന്റെയും സംസ്ഥാനത്ത് സാമ്പത്തിക സ്ഥിരത നേടുന്നതിന്റെയും ഭാഗമായി, വാഹനങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ, സർക്കാർ ഓഫീസുകൾ മോടി പിടിപ്പിക്കുന്നത് എന്നീ പ്രവൃത്തികൾ 09.11.2021 മുതൽ ഒരു വർഷത്തേക്ക് നിരോധിച്ചിട്ടുള്ളതാണ്.

6) ധനവകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, 2022-23 ലെ പ്ലാൻ സ്കീമിൽ പോലീസ് സ്റ്റേഷനുകൾക്കായി അനുവദിച്ച 98 വാഹനങ്ങളും, ആയതിന് ചെലവാകുന്ന അധികതുക പ്രസ്തുത സ്കീമിലനുവദിച്ച മറ്റു വാഹനങ്ങളുടെ പർച്ചേസിലെ സേവിംഗ്സ് കൂടെ ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ മന്ത്രിസഭയുടെ മുമ്പാകെ വയ്ക്കാൻ ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തെ മറികടന്ന് കൊണ്ട്, 2022-

23 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും പോലീസ് സ്റ്റേഷനുകൾക്കായി M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ആകെ 8,26,74,270/- രൂപയ്ക്ക് (എട്ടു കോടി ഇരുപത്തിയാറു ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ) 98 എണ്ണം മഹീന്ദ്ര ബൊലേറൊ B4 BS VI വാഹനങ്ങൾ വാങ്ങുന്നതിന്, അതേ വിഭാഗത്തിലുള്ള വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് ആനുപാതികമായി മാത്രം പുതിയവ വാങ്ങണം എന്നും 2022-23 പ്ലാൻ സ്കീമിലെ മൊബിലിറ്റി പദ്ധതിയിൽ നിന്നും സേവിംഗ്സ് കണ്ടെത്തി വാഹനങ്ങൾ വാങ്ങുന്നതിന് അധികമായി വരുന്ന ചെലവ് കണ്ടെത്തണം എന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി, അനുമതി നൽകാവുന്നതാണോ ?

GOVERNMENT OF KERALA
(SHRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.E3/215/2022/Home |
| 2 | Department | : | Home (E) Department |
| 3 | Subject | : | State Plan Scheme 2022-23 - Purchase sanction for the purchase of 98 Nos. of Light Motor Vehicles (LMV) for Police Stations–Reg. |
| 4 | Date of Chief Minister's order for placing before the Council. | : | 04.11.2022 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Joint Secretary who submitted the Draft Note. | : | Mary Laly C.Y |
| 8 | Name of Additional Chief Secretary who approved the Draft Note. | : | Dr. Venu V |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 14.11.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 18.11.2022 |
| 12. | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | : | 21.11.2022 |
| 14 | Date of submission of fair copies. | : | 22.11.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the request of State Police Chief for according sanction for the purchase of 98 Nos. of Light Motor Vehicles (LMV) for Police Stations.

2) Government have accorded Administrative sanction for the purchase of 98 Nos. of LMVs for Police Stations @Rs.7,96,336/- for a total amount of Rs.780.409 Lakh under the State Plan Scheme 2022-23 as per G.O.(Rt) No. 1796/2022/Home dated 29.06.2022.

3) Accordingly bidding has been done through GeM portal and the Technical Evaluation Committee and the Financial bid opening Committee recommended to purchase 98 nos. of Mahindra Bolero B4 BS VI for Police Stations from the firm M/s.Mahindra and Mahindra Ltd for an amount of Rs.8,26,74,270/-. But the sanctioned outlay for the same is Rs.780.409Lakh only. However State Police Chief has requested to accord sanction for the purchase of 98 Nos. of Mahindra Bolero B4 BS VI Vehicles for a total amount of Rs.8,26,74,270/- under the State Plan Scheme for the year 2022-23 by meeting the expenditure from the head of Account 2055-00- 115-98-MPD (28). It is informed that the additional amount in this regard will be met from the savings from the purchase of other vehicles under the scheme Mobility.

4) In this proposal Finance Department remarked as follows:

"Finance agrees to purchase 92vehicles limiting the total

amount within the AS amount, on condition that purchase may be allowed only against the condemnation of same class of vehicle and Cabinet nod may be insisted for purchase of vehicles in view of standing orders banning the purchase of vehicles in G.O.(P) No.130/2021/Fin dated 09.11.2021."

This has the approval of the Hon'ble Minister (Finance)."

5) In the G.O.(P)No.130/2021/Fin Dated 09.11.2021 referred by Finance Department, Government on the onset of Covid outbreak, as part of control over expenditure and to gain financial stability, purchase of vehicles, furniture and modification of Government offices has been banned for a period of one year from 09.11.2021.

6) When the file was circulated to Hon'ble Chief Minister with the opinion of Finance Department, it has been ordered to place the proposal of State Police Chief for the purchase sanction of 98 numbers of vehicles by meeting additional expenditure after finding savings from the purchase of other vehicles sanctioned under the scheme Mobility in State Plan Scheme 2022-23, before the Council of Ministers.

**Point for Decision**

Whether purchase sanction may be accorded for 98 numbers of Mahindra Bolero B4 BS VI vehicles for a total amount of Rs.8,26,74,270/- (Rupees Eight Crore Twenty Six Lakh Seventy Four Thousand Two Hundred and Seventy Only) under the State Plan Scheme for the year 2022-23 from the head of Account 2055-00- 115-98-MPD (28) against the sanctioned amount of Rs.780.409Lakh and the additional amount shall be met from savings under the Mobility scheme from the firm M/s.Mahindra and Mahindra Ltd on condition that purchase shall be

allowed only against the condemnation of same class of vehicle, as Administrative Sanction was already accorded for the same under Plan Scheme by overruling the remarks of Finance Department ?